"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - ജീവനക്കാര്യം - ശുചിത്വ മിഷനിലെ വിവിധ ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2270/2023/LSGD തീയതി,തിരുവനന്തപുരം, 18-11-2023

---

പരാമർശം:-
1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(സാധാ) നം. 580/2013/ധന തീയതി 28/11/2013.
3. സ.ഉ.(സാധാ) നം. 72/2019/തസ്വഭവ തീയതി 23/6/2019
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12/10/2023ലെ 1437/ബി2/2023/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) യുടെ 14 തസ്തികകളും, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്ഡബ്ല്യൂഎം) ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിമയനം നടത്തുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകികൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതിൻപ്രകാരം ശുചിത്വ മിഷന്റെ വിവിധ ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ചുവടെ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ അവരുടെ പേരിനു നേരെ പരാമർശിച്ചിരിക്കുന്ന ജില്ലയിലെ അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികകളിൽ കെ.എസ്.ആർ. ഭാഗം (1) ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേരും മേൽവിലാസവും | നിയമനം നൽകുന്ന ജില്ല |
|---|---|---|
| 1. | അഖിലേഷ് .ടി.എസ്.<br>ഹെഡ് ക്ലാർക്ക്,<br>വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, മലപ്പുറം<br>(നിലവിൽ മലപ്പുറം ബ്ലോക്ക് | മലപ്പുറം |

| | | |
|---|---|---|
| | പഞ്ചായത്ത് ഓഫീസിൽ ഹെഡ് ക്ലാർക്ക് ആണ്) | |
| 2. | സംഗീത്.എൻ.സി., ഹെഡ് അക്കൗണ്ടന്റ്<br>പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ | തൃശ്ശൂർ |
| 3. | പ്രിയ സൈമൺ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട് | പത്തനംതിട്ട |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തികൾക്ക് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA2/145/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja S K
Date: 18-11-2023 14:03:49

സെക്ഷൻ ഓഫീസർ